**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **19-09-2025 - ൽ മറുപടിയ്ക്ക്**

**അൺഎയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ സേവന വേതന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വേതന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ അന്യായമായ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള മാനേജ്മെന്റ് നടപടികൾ ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അൺ എയ്ഡഡ് മേഖലയിലെ അംഗീകൃത വിദ്യാലയങ്ങളിലെ അധ്യാപകർക്കും, അനധ്യാപകർക്കും മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രാഥമിക അന്വേഷണം നടത്താതെയും, സമാധാനം ബോധിപ്പിക്കുവാൻ സാവകാശം നൽകാതെയും അൺ എയ്ഡഡ് മേഖലയിലെ അംഗീകൃത വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ സേവനം മാനേജ്മെന്റ് അവസാനിപ്പിക്കുവാൻ പാടില്ലെന്ന് കെ.ഇ.ആർ അദ്ധ്യായം XIV(AA) ചട്ടം 3 -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകളുടെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ടെങ്കിലും ചട്ടങ്ങൾ പാലിക്കാതെ അന്യായമായി പിരിച്ചുവിടുന്നതിനെതിരെ സർക്കാരിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | അൺഎയ്ഡഡ് മേഖലയിലെ അശാസ്ത്രീയവും നീതീകരിക്കാനാവാത്തതുമായ പ്രവണതകൾ ഒഴിവാക്കി, മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും വിദ്യാഭ്യാസ നിലവാരവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) | അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലേയും മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് സർക്കാർ അംഗീകാരം നൽകി വരുന്നത്. ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ